ദുരൂഹ സാഹചര്യങ്ങളിൽ കേരളതീരത്ത് നങ്കൂരമിടുന്ന വിദേശകപ്പലുകൾ

21 (*321)ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. സത്യൻ മൊകേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരൂഹ സാഹചര്യങ്ങളിൽ വിദേശ കപ്പലുകൾ നമ്മുടെ കടൽ തീരങ്ങളിൽ നങ്കൂരമിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സ്ഥിതി വിശേഷങ്ങൾ നേരിടുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര വിദേശ കപ്പലുകൾ സംസ്ഥാനാതിർത്തിക്കുള്ളിൽ നങ്കൂരമിട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) സംസ്ഥാന പോലീസിന്റെ എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളിലും കോസ്റ്റൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാന പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം വേണ്ട നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. തീരദേശ നിരീക്ഷണത്തിനും അതുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ്, കോസ്റ്റ് ഗാർഡ്, നേവി എന്നീ വിഭാഗങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

(സി) കൊച്ചി മേഖലയിലെ സമുദ്രത്തിൽ ഗലാത്തി എന്ന വിദേശ നൗക അനധികൃത സമുദ്ര സർവ്വേ നടത്തിയതുമായി ബന്ധപ്പെട്ട് 4.1.96-ൽ കൊച്ചിൻ ഹാർബർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.3/96-ആയി കേസ് രജിസ്റ്റർ ചെയ്ത് സംസ്ഥാന പോലീസ് പ്രാഥമികാന്വേഷണം നടത്തുകയും തുടർ അന്വേഷണത്തിനായി സി.ബി.ഐ.യ്ക്ക് കൈമാറുകയും ചെയ്തു. 4.5.97-ൽ നീണ്ടകര ഹാർബറിനടുത്ത് (പ്രഷ്യസ് ട്രാഗൺ എന്ന ചെറിയ കപ്പൽ അടുക്കുകയും അതിലുണ്ടായിരുന്ന മൂന്നു ബ്രിട്ടീഷുകാരെയും ഒരു ആസ്ത്രേലിയക്കാരനേയും അറസ്റ്റ് ചെയ്ത് ക്രൈം നം.87/97 ആയി രജിസ്റ്റർ ചെയ്ത കേസിൽ കോടതി അവർക്ക് 15 ദിവസത്തെ തടവും 2500/-രൂപ വീതം പിഴയും ശിക്ഷിച്ചിട്ടുണ്ട്. 12.2.2000-ന് ശ്രീലങ്കയിൽ നിന്നും ദുബായിലേക്ക് തിരിച്ച ഹമേറിയ-5 എന്ന കപ്പലിൽ ഭക്ഷണം കുറവായതിനാൽ നങ്കൂരമിട്ടതിനുശേഷം കരയിലേക്ക് വന്ന 3 ശ്രീലങ്കക്കാരെ അറസ്റ്റ് ചെയ്ത് കാഞ്ഞിരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.21/2000 ആയി കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം പൂർത്തിയായി 29,2,2000-ന് കോടതിയിൽ കുറ്റപത്രം ഹാജരാക്കിയിട്ടുള്ളതുമാണ്. ഇവയൊഴികെ മറ്റു സംഭവങ്ങളൊന്നും കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയ്ക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly